# Influence of Power Relation in Mobility

മാനസികമോ, ധാർമ്മികമോ ആയി സ്ത്രീയുടെ മേൽ എല്ലാതലങ്ങളിലും പുരുഷന്റെ അധികാരം കാണാം. അവശത അനുഭവിക്കുന്ന എല്ലാ വിഭാഗങ്ങളിലും ഈ കടന്നുകയറ്റം കാണാം. ജാതീയപരമായി പല വിവേചനങ്ങളും നിലനിന്നിരുന്ന കാലത്ത് ഉയർന്ന ജാതിക്കാരിൽ നിന്നും പലതരത്തിലുള്ള പീഢനങ്ങൾ താഴ്ന്ന ജാതിക്കാർ അനുഭവിച്ചിരുന്നു. അതിൽ ഏറ്റവുമധികം പീഢിപ്പിക്കപ്പെട്ടത് സ്ത്രീകൾ ആയിരുന്നു. സ്വന്തം ഭർത്താവിന്റെ കൂടെ ആദ്യരാത്രി പങ്കിടാൻ കഴിയാതെ സ്വന്തം ശരീരം മേലാളർക്ക് കാഴ്ച വെച്ചിരുന്ന കാലം ഉണ്ടായിരുന്നു. ഇന്നും മറ്റൊരു തരത്തിൽ അവശത അനുഭവിക്കുന്നവർക്ക് അവരുടെ ചലനാത്മകതയെ എല്ലാതരത്തിലും ബാധിക്കുന്നുണ്ട്.

കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസ പരിഷ്ക്കരണം തുടങ്ങി ഒട്ടനവധി പ്രവർത്തനത്തിലൂടെ (കുടുംബശ്രീ പ്രസ്ഥാനം ഉൾപ്പെടെ) കേരളം ലോകത്തിനുതന്നെ മാതൃകയായെങ്കിലും ഇന്നും സ്ത്രീയും പുരുഷനും തമ്മിലുള്ള അധികാര ബന്ധത്തിൽ ഉള്ള വിത്യാസം എല്ലാ മേഖലകളിലും തുടരുന്നു. അലിഖിതമായിട്ടുള്ള ഈ അദൃശ്യബന്ധനവും എന്നാൽ സമൂഹത്തിന്റെ മനസ്സിൽ ഉറച്ചു പോയിട്ടുള്ളതുമായ ഈ വിത്യാസത്തെ സ്വന്തം ജീവിത അനുഭവത്തിലൂടെ തിരിച്ചറിയാനും നിശബ്ധമായ വിപ്ലവത്തിലൂടെ, മാറ്റിമറിച്ച് സുന്ദരമായ, സമത്വമുള്ള ഒരു നാളെക്കുവേണ്ടി പ്രവർത്തിക്കുകയാണ് കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ നടപ്പിലാക്കുന്ന 'സ്ത്രീ' പദവി സ്വയം പഠന പ്രക്രിയ വഴി ലക്ഷ്യമിടുന്നത്. (GSLP).

കുടുംബത്തിനകത്തും ഇതേ അവസ്ഥ നിലനിൽക്കുന്നു. ആചാരങ്ങളുടെയും അനാചാരങ്ങളുടെയും പേര് പറഞ്ഞ് പല ചടങ്ങുകളിലും സ്ത്രീകൾക്ക് പങ്കെടുക്കാൻ കഴിയാതിരിക്കുകയും, പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നിടത്തുപോലും സ്ത്രീകൾക്ക് പങ്കെടുക്കാനോ അഭിപ്രായം പറയാനോ ഉള്ള സാഹചര്യം നിഷേധിക്കപ്പെടുന്നതും പുരുഷാധിപത്യ അധികാരം ഉള്ളതിനാലാണ്. അതുകൊണ്ടുതന്നെ ജീവിതാദ്യം മുതൽ ജീവിതാന്ത്യം വരെ എന്നും മറ്റുള്ളവരുടെ ആശ്രിതരായി കഴിയേണ്ട അവസ്ഥയും നിലനിൽക്കുന്നു. ഈ അധികാരഘടന ഷെയർ ചെയ്യപ്പെടേണ്ടത് അത്യാവശ്യമാണ്.

സമ്പത്തിന്റെ മുഴുവൻ ഉടമസ്ഥതയും പുരുഷനിൽ നിക്ഷിപ്തമായതും സ്വന്തമായി വരുമാനം ഇല്ലാത്തതും പ്രധാനകാരണമാണ്. സ്വന്തമായി യാതൊതു വിധ സ്വാതന്ത്ര്യമോ തീരുമാനമെടുക്കൽ പ്രക്രിയയിലോ സ്ത്രീക്ക് ഇന്നും പങ്കാളിത്തം പൂർണ്ണതയിൽ എത്തിയിട്ടില്ല.. അധികാരത്തിന്റെ കടന്നുകയറ്റം മൂലം വീടിനുള്ളിൽ

തളച്ചിട്ട സ്ത്രീത്വത്തിന്റെ വ്യത്യസ്ത മുഖങ്ങൾ കാണാൻ കഴിയുന്ന ഖേദകരമായ അവസ്ഥയാണ് നിലനിൽക്കുന്നത്. അധികാരത്തിൽ പുരുഷാധിപത്യം മാത്രമല്ല ആധിപത്യം സ്ത്രീ സ്ത്രീ യുടെ മേലും അടിച്ചേൽപ്പിക്കുന്ന ഒരു വ്യവസ്ഥിതിയും കേരളത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. സ്ത്രീക്കും പുരുഷനും തുല്യ പദവി ഒരുക്കേണ്ട സ്ഥലങ്ങളിൽ ആധിപത്യം സ്ത്രീയെ അടിമയായി ചിത്രീകരിക്കുന്നു. പഴയ പ്രതാപത്തിലേക്ക് സ്ത്രീയെ കൊണ്ടുവരണമെങ്കിൽ സ്ത്രീക്ക് പ്രായോഗിക ജ്ഞാനവും പൊതു വിജ്ഞാനവും ഉണ്ടാക്കേണ്ടതാണ്. കായിക ബലം കൂടുതൽ പുരുഷനെന്ന് മിഥ്യാധാരണയും സമൂഹത്തിൽ നിലനിൽക്കുന്നു. ചരിത്രം പരിശോധിക്കുമ്പോൾ ഇക്കാര്യത്തിൽ സ്ത്രീ ഒട്ടും പുറകിലല്ലെന്ന് കാണാം. ഇത് സ്ത്രീയുടെ ചലനാത്മകതയെ സാരമായി ബാധിക്കുന്നു.

വിദ്യാഭ്യാസമുള്ള സ്ത്രീകൾ പോലും തൊഴിൽ രഹിതരായി കഴിയുന്നത് ഇതു കൊണ്ടുതന്നെയാണ്. സ്ത്രീയും പുരുഷനും കൂട്ടായി ചെയ്യേണ്ട എല്ലാ ചുമതലകളും സ്ത്രീയുടെ സ്വന്തം ചുമതിലയായി മാറുന്നതും 24 മണിക്കൂറും വരുമാനമില്ലാത്ത വീട്ടു ജോലി സ്ത്രീ മാത്രം ഏറ്റെടുക്കേണ്ടി വരുന്നതും എന്നിട്ടും അംഗീകാരം കിട്ടാത്ത അവ സ്ഥയും ഉണ്ടാകുന്നു. ഇതും പുരുഷാധിപത്യത്തിന്റെ ഒരു മുഖമാണ്. ഇതിന്റെ കാരണക്കാർ പുരുഷനല്ലെന്നും കാലാകാലങ്ങളായി ശീലിച്ചു പോന്ന അലിഖിത നിയമ മാണെന്നുള്ള തിരിച്ചറിവാണ് സമൂഹത്തിനുണ്ടാകേണ്ടത്. സ്ത്രീയുടെ ജനനം മുതൽ അരുതായ്മകൾ തിരുകിച്ചേർത്ത സമൂഹത്തിൽ പൊളിച്ചെഴുത്ത് അത്യാവശ്യമാണ്. അധികാരത്തിന്റെ ചങ്ങലകളാൽ തളച്ചിടപ്പെട്ട സ്ത്രീയുടെ മനസ്സിനെ പിന്തുണാ സംവിധാനത്തിലൂടെ പ്രതികരണ ശേഷി ഉണ്ടാക്കിയെടുക്കേണ്ടതാണ്.

വീട്ടിനുള്ളിലും പൊതുഇടങ്ങളിലും സ്ത്രീകൾ അനുഭവിക്കുന്ന വിവിധതരം പീഢനങ്ങളും ചൂഷണങ്ങളും ഈ വൈരുദ്ധ്യത്തെ തുറന്നു കാണിക്കുന്നു. സാമൂഹി കവും, സാമ്പത്തികവും, ലൈംഗീകവും, ശാരീരകവുമായ പീഢനങ്ങൾക്കാണ് സ്ത്രീകൾ ഇരയാകുന്നത്. വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിലെ സ്ത്രീകൾ തൊഴിൽ പങ്കാളിത്തത്തിന് വൈമുഖ്യം കാണിക്കുന്നു. തൊഴിൽ മേഖലക ളിലും തൊഴിൽ പങ്കാളിത്വത്തിലും സ്ത്രീകൾ കടുത്ത ചൂഷണത്തിന് ഇരയാകുന്നു. ഇത് ചലനാത്മകതയെ സാരമായി ബാധിക്കുന്നു. നിയമ വ്യവസ്ഥകൾ ഏതു സമയത്തും കൂടുതൽ സുതാര്യമാകുന്നതിലൂടെ സാമൂഹ്യ അന്തരീക്ഷത്തിൽ മാറ്റം ഉണ്ടായേക്കാവുന്നതാണ്.

ജീവിതത്തിന്റെ പ്രധാന വഴിതിരിവായ വിവാഹത്തിൽ പോലും തലകുനിച്ച് കൊടുക്കുന്ന ഈ സ്ത്രീ സ്വയം തീരുമാനമെടുക്കാൻ കഴിയാത്ത അവസ്ഥയിൽ നില

നിൽക്കുന്നു. ഇങ്ങിനെ ഏതു മേഖലയെടുത്തു പരിശോധിച്ചാലും ഈ വിത്യാസം കാണാം. അംഗീകാരത്തിന്റെ രാഷ്ട്രീയം സ്ത്രീക്ക് ലഭിക്കേണ്ടതായുണ്ട്. പുരുഷാധിപത്യത്തിൽ അധിഷ്ഠിതമായ സമൂഹത്തെ വാർത്തെടുത്തുന്നതിൽ സ്ത്രീക്ക് നല്ലൊരു പങ്കുണ്ട്. ചരിത്രം അധികാരത്തിന്റെ കഥകളാണ്. കീഴാളന്റെ ചരിത്രം എഴുതപ്പെടുന്നില്ല. സാമ്പത്തികമായ മൂലധനം, സാമൂഹികമായ മൂലധനം, ഭൗതിക മൂലധനം എന്നിവയുമായി സഞ്ചാരസ്വാതന്ത്ര്യത്തിന്റെ സ്വാധീനം പരിശോധിക്കപ്പെടേണ്ടതാണ്. പ്രവൃത്തികൾ വഴിയും ആധിപത്യം വഴിയും ആർജ്ജിച്ചെടുത്ത പുരുഷത്വവും നിർവ്വചിക്കപ്പെട്ട സ്ത്രീത്വവും സഞ്ചാരസ്വാതന്ത്ര്യത്തിന്റെ തോത് വ്യത്യാസപ്പെടുത്തുന്നു. വീട് വിട്ടിറങ്ങി സഞ്ചരിക്കുമ്പോഴുണ്ടാകുന്ന മാനസികമായ പിരിമുറുക്കങ്ങൾ അധികാരഘടനയിലൂടെ (സ്ത്രീ/പുരുഷ) വ്യത്യാസപ്പെട്ടിരിക്കുന്നു. സൗഹൃദ വലയങ്ങൾ സൃഷ്ടിക്കുന്നിടത്തും സ്ത്രീക്ക് പരിമിതികൾ നിലനിൽക്കുന്നു. തള്ളിടപ്പെട്ട സ്ത്രീത്വത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കൂട്ടായ്മയിലൂടെ കഴിയുന്നതാണ്. ഇതിനുവേണ്ടി സ്വയം സംസാരിച്ച്, തമ്മിൽ സംസാരിച്ച്, ഗ്രൂപ്പിൽ സംസാരിക്കുന്ന രീതിയിലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. പൊതുമണ്ഡലം സ്ത്രീക്ക് പ്രാവർത്തികമാക്കുകയും അവിടെ ഒരു പോലെ നിന്ന് സംസാരിക്കാനും അധികാരഭാഷയില്ലാതെ നോക്കാനും കഴിയണം. സഞ്ചാര സ്വാതന്ത്ര്യത്തിലൂടെ ഐഡന്റ്റിറ്റി തന്നെ മാറ്റേണ്ടതായുണ്ട്. കാണാത്ത കാഴ്ചകൾ കാണിച്ചും നിശബ്ദരെ ശബ്ദരാക്കിയും കാഴ്ചപ്പാടുകളെ മാറ്റം വരുത്തി വ്യവഹാരങ്ങളിൽ ഇടപെടൽ നടത്തേണ്ടതായിട്ടുണ്ട്.

സ്ത്രീ അടുക്കളയിലെ കഥയെഴുതുമ്പോൾ അത് തളച്ചിടപ്പെട്ടതിന്റെ രാഷ്ട്രീയ പ്രശ്നമാണ്. പലരീതിയിലുള്ള പുരുഷത്വത്തെ നാം അംഗീകരിക്കുന്നു. എന്നാൽ തിരിച്ചോ?.................... അധികാരത്തിലധിഷ്ഠിതമായ ചിന്തകളിൽ ചലനാത്മകത വ്യത്യാസപ്പെട്ടിരിക്കുന്നു. ചിന്തിക്കുമ്പോഴാണ് പരിമിതികളും, പ്രശ്നങ്ങളും നമുക്ക് മനസ്സിലാകുന്നത് . സമൂഹത്തിന്റെ കാഴ്ചപ്പാടിലെ തടസ്സങ്ങൾ സഞ്ചാരസ്വാതന്ത്ര്യത്തിലെ അധികാരഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു. അറിവ്, സമ്പത്ത് എന്നിവയിലും അധിഷ്ഠിതമാണ് ഈ അധികാരം. പാഠ്യവിഷയങ്ങളിൽ ഉൾക്കൊള്ളിച്ചുള്ള സ്ത്രീയുടെ സഞ്ചാരസ്വാതന്ത്ര്യവും, അനുബന്ധപ്രശ്നങ്ങളും ഒരു പരിധി വരെ സ്ത്രീസൗഹൃദം ഇടം സൃഷ്ടിക്കാൻ സാധ്യമാണ്. അനുവാദം, കുടുംബപ്രാരാപ്തം, സമയം, സാമ്പത്തികം, ജോലി, ആചാരം, മതം എന്നിവയുമായി ബന്ധപ്പെട്ട വിലക്കുകൾ സമൂഹത്തിൽ കാണപ്പെടുന്നു. ചില നിർബന്ധിത സാഹചര്യങ്ങളിൽ ഇതിനു മാറ്റം വരുത്തുന്ന സമൂഹം ചില പ്രത്യേക അവസ്ഥയിലാണ് വിലക്കുകൾ സൃഷ്ടിക്കുന്നത്. സമ്പത്തിന്റെ ഉടമസ്ഥാവകാശം, അടിച്ചമർത്തപ്പെട്ടവരുടെ

കഥകൾ, ആക്രമിക്കപ്പെടുമെന്ന മിഥ്യധാരണ എന്നിവയിലധിഷ്ഠിതമായ വിഷയങ്ങളിൽ സംവാദങ്ങളും ചർച്ചകളും സംഘടിപ്പിച്ച് മാറ്റം ഉണ്ടാക്കിയെടുക്കേണ്ടതാണ്. പലതലങ്ങളിലുള്ള പ്രശ്നങ്ങളായിരിക്കും പലയിടങ്ങളിലും നാമ്പെടുക്കുന്നത്. സ്ത്രീ പ്രത്യേകിച്ച് അവിവാഹിതയായ വീട്ടമ്മമാർ, വിധവകൾ, ഒരു വൃത്തത്തിനുള്ളിൽ സഞ്ചരിക്കുന്നു. ഇതിന്റെ വശങ്ങൾ ക്രമേണ മായ്ക്കപ്പെടേണ്ടതാണ്. ആശയപരമായ രീതിയിൽ ചർച്ചകൾ നടക്കണം. തിയറികളിലൂടെ ജീവിത സാഹചര്യമെടുത്ത് വിശകലനം ചെയ്ത് ദുർഗ്രാഹ്യമായ ഭാഷയിൽ ആധിപത്യം സ്ഥാപിക്കുന്ന സമൂഹത്തിന്റെ കാഴ്ചയിലുള്ള രാഷ്ട്രീയം ഇതിനെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ്. സമയത്തിനനുസരിച്ച് കാഴ്ചകൾ മാറി വരുന്നു. അധികാരം ചിലന്തിവലപോലെ വ്യാപിച്ചുകിടക്കുന്നു. പുരുഷാധിപത്യലോകത്തിൽ നിലനിൽക്കുന്ന മിത്തുകൾ ചർച്ചാ വിഷയമാക്കേണ്ടതുണ്ട്. ശാക്തീകരണം മൂലം കുടുംബബന്ധങ്ങൾ ശിഥിലമാവുന്നു എന്ന രീതിയിൽ നിലനിൽക്കുന്ന ചർച്ചകൾ ഇവിടെ പരിശോധിക്കപ്പെടേണ്ടതാണ്. മാത്രമല്ല ആധിപത്യ സമൂഹത്തിലെ പൊളിച്ചെഴുത്തുകളും മാറ്റങ്ങളും, പ്ലാനിംഗുകളും പൊതുജന അറിവിലേക്കായ് മീഡിയകളിൽ ഹൈലൈറ്റ് ചെയ്യപ്പെടുമ്പോൾ അധികാരലോകത്തിന് ചെറിയ ചെറിയ മാറ്റങ്ങൾക്ക് കാരണമായേക്കാം. മീഡിയകൾ മാറ്റങ്ങൾക്ക് പ്രധാന മാധ്യമം തന്നെയാണ്. അടിച്ചമർത്തപ്പെട്ട സ്ത്രീത്വത്തെ പൊളിച്ചെഴുതപ്പെടുമ്പോൾ, നിയമവ്യവസ്ഥകൾ കൂടതൽ സുതാര്യവും കാര്യക്ഷമവുമാകുമ്പോൾ ആർജ്ജിച്ചെടുത്ത പുരുഷത്വത്തിൽ ഇളക്കം സംഭവിച്ചേക്കാം.

സ്ത്രീയെ ആദരിക്കുക.., സ്ത്രീ എപ്രകാരം പുരുഷനെ ആദരിക്കണമോ.. അതുപോലെ

സ്ത്രീ പുരുഷ അധികാര സമവാക്യത്തെ സ്വയം തിരിച്ചറിയുന്ന സമൂഹവും അതിലൂടെയുണ്ടാകുന്ന മാറ്റത്തിനും വേണ്ടി കാത്തിരിക്കാം.